**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2048 | 01.02.2018 ൽ മറുപടിക്ക്

## നർക്കിലക്കാട് പി എച്ച് സി -സി എച്ച് സി യായി ഉയർത്താനുള്ള നടപടി

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ മലയോര മേഖലയിലെ പ്രധാന ആതുരാലയമായ നർക്കിലക്കാട് പി . എച്ച് .സി -സി.എച്ച് .സി ആയി ഉയർത്തി , കിടത്തി ചികിത്സ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ)<br>&<br>(ബി) | നിലവിൽ സർക്കാർ ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുക്കപ്പെടേണ്ട ആശുപത്രികളുടെ കരട് പട്ടികയിൽ കാസർഗോഡ് ജില്ലയിലെ നർക്കിലക്കാട് പി . എച്ച് .സി ഉൾപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര കുടിയേറ്റ മേഖകളിൽപ്പെട്ട പഞ്ചായത്തുകളിലെ പ്രധാന ആതുരാലയമായ പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സ നടത്താൻ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതിനാൽ ഈ സ്ഥാപനം ഈ വർഷം തന്നെ അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ ഉണ്ടോകുമോ;വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ